

K K
PRODUCTIONS
മലയാളം

പ്രേംനസീർ.... കുമാരി തങ്കം...

# വിശപ്പിന്റെ വിള

Photography .. E. R. Cooper & BalaSubrahmaniam
Audiography .. .. .. .. Rajagopalan B.A.
Processing .. .. .. .. .. K. Sundaram
Editing .. .. Mr. & Mrs. P. P. Varghese
Make-up .. Parthasarathy Art .. A. Babu
Music Direction .. .. .. P. S. DIVAKAR
Dance Direction .. GOPINATH & RAMAKRISHNAN
**Direction .. .. .. .. MOHAN RAO**

## നടീനടന്മാർ

| | | |
|---|---|---|
| തിക്കുറിശ്ശി | .... | വേണു |
| പ്രേംനസീർ | .... | മോഹൻ |
| തങ്കം | .... | സരോജം |
| പങ്കജവല്ലി | .... | കമലം |
| എസ്. പി. പിള്ള | .... | രാമു |
| നാണുക്കുട്ടൻ | .... | ലുബ്ധൻ മുതലാളി |
| മാത്തപ്പൻ | .... | കിട്ടു |
| പങ്കജം | .... | ശാരദ |
| കാലാക്കൽ | .... | സ്വ. ലേ. |
| ബേബി ഗിരിജ | .... | ബാലസരോജം |
| മാസ്റ്റർ ബിനോയ് | .... | ബാലമോഹൻ |
| വാണക്കുറ്റി | .... | വാദ്ധ്യാർ |

ഡാൻസ് .. .. മിസ്സ് അംബികാ തങ്കച്ചി
C. R. രാജകുമാരി .. ചന്ദ്രിക മധുരം .. രമണൻ
ഗാനങ്ങൾ .. .. .. .. .. അഭയദേവ്
പാടിയവർ .. .. .. ലീല, രേവമ്മ, ജിക്കി
കഥ .. .. .. K & K പ്രൊഡക്ഷൻസ്

T.V. Velappan Nair

# വിശപ്പിന്റെ വിളി

## കഥാസാരം

സമ്പത്തും തറവാടിത്തവുമുള്ള ഒരു കുടുംബമാണു "ലക്ഷ്മീഭവനം". അവിടത്തെ ഗൃഹനാഥൻ അകാലമരണം പ്രാപിക്കുന്നു. ഒരേ ഒരു മകൻ, മോഹൻ. അവൻ തീരെ ചെറുപ്പമാണു്. കാര്യസ്ഥൻ (നാണുക്കുട്ടൻ) ഈ തക്കം നോക്കി അവിടത്തെ സകല സ്വത്തുക്കളും അന്യായമായി അപഹരിക്കുന്നു. അങ്ങനെ അയാൾ അന്നാട്ടിലെ ധനികനായി. ലുബ്ധിന്റെ ഉടലെടുത്ത രൂപമായിരുന്നു അയാൾ. നിധി കാക്കുന്ന ഒരു ഭൂതം. ലക്ഷ്മീഭവനത്തിലെ മോഹൻ ചുമടു ചുമന്നും ചില്ലറ കൂലിവേലകൾ ചെയ്തും ജീവിക്കുന്നു. അന്തസ്സിലും അവസ്ഥയിലും കഴിഞ്ഞിരുന്ന ആ മാതാവും വീട്ടുപണികൾക്കു പോകുന്നു. ഒടുവിൽ ദാരിദ്ര്യക്കൊടും പിശാചു നഗ്നനൃത്തം നടത്തി. പട്ടിണിയുടെ ക്രൂരത്ത നഖങ്ങൾ അവരുടെ പ്രാണതന്തുക്കളെ മാന്തിക്കീറി. എന്തിനു്! അവസാനത്തിൽ അടക്കുവാൻ വയ്യാത്ത **"വിശപ്പിന്റെ വിളി"** മൂലം ആ അമ്മ സുഖമില്ലാതെ നീറിനീറി മരിച്ചു.

അന്നാട്ടിലെ പ്രസിദ്ധ കുടുംബമായ "ആനന്ദഭവന"ത്തിലെ കാരണവർ യാദൃശ്ചികമായി മോഹനെ ബസ്സ്റ്റാന്റിൽ വച്ചു കണ്ടുമുട്ടുന്നു. മോഹനെ അദ്ദേഹം തന്റെ കൂടെ ആനന്ദഭവനത്തിൽ കൊണ്ടുപോയി താമസിപ്പിക്കുന്നു. അദ്ദേഹത്തിനു് ഒരു മകനും ഒരു മകളും — വേണുവും സരോജവും (തിക്കുറിശിയും, തങ്കവും) മോഹൻ അവരോടൊന്നിച്ചു് ആനന്ദമായി വളർന്നുവന്നു. കുട്ടികൾക്കെല്ലാം പ്രായമായപ്പോഴേയ്ക്കും അച്ഛൻ മരിച്ചു.

മുൻപറഞ്ഞ ലുബ്ധന്റെ മകൾ കമലത്തിനെ, വേണു വിവാഹം ചെയ്തു. വേണുവിന്റെ ഫാക്ടറി ആവശ്യത്തിനു കമലത്തി

ന്റെ അഛനോടു പണം കടം വാങ്ങിയിരുന്നു. ആ സ്വാധീനം ഉപയോഗിച്ചു ലുബ്ധന്റെ മകൻ ഒരു മരമണ്ടനായ രാമു (എസ്. പി. പിള്ള) വിനെക്കൊണ്ടു സരോജയെ വിവാഹം ചെയ്യിക്കുന്നതിനു കമലം ശ്രമിച്ചു. അതുമുതൽ അവിടെ നൃത്തമാടിയിരുന്ന ശാന്തിയും സൗഹാർദ്ദവും കുറേശ്ശെ മാറിത്തുടങ്ങി. കമലം സരോജത്തേയും അമ്മയേയും അകാരണമായി ദണ്ഡിപ്പിച്ചു. വേണു അമ്മയ്ക്കും അനുജത്തിക്കും നൽകിയ സകല സൗഭാഗ്യങ്ങളും അയാളുടെ ഭാര്യ നശിപ്പിച്ചുകൊണ്ടിരുന്നു. അമ്മയുടെ മരണശേഷം പ്രകൃതിയുടെ ചില്ലറ പൊടിക്കൈകൾ ആ വീട്ടിൽ പെരുമാറി. സരോജവും മോഹനും പരസ്പരം പ്രേമബദ്ധരായി.

സരോജവുമായിട്ടുള്ള പ്രേമബന്ധം തകർന്നു പോകുമെന്നു മോഹൻ ഭയപ്പെട്ടു. അടിയുറച്ച ആത്മാർത്ഥതയിൽ കഴിഞ്ഞിരുന്ന സരോജത്തിനോടു മോഹൻ പലവുരു പറഞ്ഞു: പ്രാണബന്ധങ്ങളെ നാണയത്തുട്ടുകളിട്ടു് തൂക്കി നോക്കുന്ന സമുദായം അവരുടെ പ്രേമസരസ്സിൽ കല്ലെറിയുമെന്നു്. മോഹന്റെ അഭിപ്രായപ്രകാരം അവൾ "രമണൻ" വായിച്ചു. അതു് അവളുടെ ഭാവനയിൽക്കൂടി കണ്ടു. ആ ദുരന്തരംഗങ്ങൾ അവളുടെ ഹൃദയത്തിൽ വല്ലാത്ത കോളിളക്കമുണ്ടാക്കി. അവൾ സധൈര്യം ഉറച്ചു: അവളൊരു "ചന്ദ്രിക"യാവുകയില്ലെന്നു്. സരോജവും മോഹനുമായുള്ള ഹൃദയവേഴ്ച അറിഞ്ഞ വേണു അവനെ ഉദ്യോഗത്തിൽ നിന്നും പിരിച്ചു വിട്ടു. രാമുവും കൂട്ടരും കൂടി അവനെ തല്ലി ശരിപ്പെടുത്തി. അങ്ങനെ മോഹൻ എവിടെയാണെന്നറിയാതെയായി. ഇതിനിടയിൽ വേണു, സരോജവും രാമുവുമായുള്ള വിവാഹം നിശ്ചയിച്ചു.

പിന്നീടു നായികാനായകന്മാരുടെ ജീവിതം, കുടുംബത്തിൽ അന്തഃഛിദ്രം വരുത്തിയ കമലത്തിന്റെ സ്ഥിതി, വേണുവിനെന്തു സംഭവിച്ചു, "സ്വർഗ്ഗവാതൽ" എന്ന അന്തർനാടകം മുതലായ വികാരനിർഭരവും സംഭവബഹുലവുമായ രംഗപരമ്പരകൾ സ്ക്രീനിൽ കാണുക.

# ഗാനങ്ങൾ

## 1

അശരീരി:— ഉന്നതനിലയിൽ വാണിരുന്ന
മന്ദിര മാണിതു കാൺമൂ
ഭീകര വിശപ്പിൻ വിളിയാലിതിൽ ഹാ —
തകർന്നു ജീവിതം.

വിലാസ ലീലാ ഗാനം പാടിയ
ഭവനമാണിതൊരു കാലേ
വിശന്നു കേഴും ദീനനിനാദം
കേൾപ്പതിന്നതിൽ നീളെ

സകല ഭാഗ്യവും സാദരം ഹാ—
കാത്തു നിന്നതാണിതിനോ—
വാണിരുന്നിതിൻ നാഥയിവൾ തൻ
പ്രിയനുമായ് കലിതാ.

വിശന്നു പൊരിയും പലർക്കുമന്നാൾ
ചോറു നൽകിയീ വനിതാ
ജീവനേകിയീ മാതാ.
പിടഞ്ഞിടുന്നു ജീവനിതു ഹാ—ഇന്നു—
വിശ്പ്പിൻ വിളിയാലെ
കണ്ണീരു താനാ വെൺചുവർപോലും
തൂകിടുന്നിതാ ഹാ—

ഉദാരനാകും ഗൃഹാധിനാഥൻ
പിരിഞ്ഞു പോയപമൃതിയാലെ
സഹായമേകാനണഞ്ഞ നീചൻ
കവർന്നു സകലം ചതിയാലെ
പലയിടങ്ങളിൽ വേല ചെയ്യുവാൻ
പോയിവൾ വിശപ്പിൻ വിളിയാലെ
മാനചിന്തയാൽ തൊഴിലുകളെല്ലാം
വെടിഞ്ഞിവളുരുകി പശിയാലെ.

ഒടുവിലേഴയായ് ഏവമായ് ഹാ
ഭീകര വിശപ്പിൻ വിളിയാലെ.
പാരിലാരു താൻ ഏവമാകാ
കഠിന വിശപ്പിൻ വിളിയാലെ.

എത്ര ജീവിതം തകരുന്നീവിധം
ദുസ്സഹ വിശപ്പിൻ വിളിയാലെ
നിർദ്ദയ വിശപ്പിൻ വിളിയാലെ
നിഷ്ഠുര വിശപ്പിൻ വിളിയാലെ

T.V. Velappan

## 2

സരോജം:— അമ്മാ ആരിനിയാലംബമമ്മാ—
ആരിനിയാലംബമമ്മാ
ആരുടെ കൈത്താരിലേകിയെന്നെ
ആയത്തുമിന്നെതിരായി—അമ്മാ—

ഓമനിച്ചെന്നെ വളർത്തീ നീ പഴതേ ഹാ—
കൊടും തീമഴയിൽ വീണെരിയാൻ
ജീവിതമിതു നൽകി—അമ്മാ—
കാർമുകിലാലെൻ്റ ഭാവിയിതാ
മൂടുകയായ് മമ തായേ—അമ്മാ—

## 3

സരോജം:—— ഹാ ഹാ ജയിച്ചു പോയ് ഞാൻ
ലലല ലലല ലലലാ ഹഹഹാ—ഹാഹാ—
ജീവിതമാകും പോർക്കളത്തിൽ
തോൽക്കുകയില്ല ഞാൻ.

ഭാവിയോടെൻ നാഥനൊത്തു പോരടിക്കും ഞാൻ
പാട്ടു പാടും ഞാൻ, ആട്ടമാടും ഞാൻ
ആസ്വദിക്കും ഞാൻ, ആനന്ദിക്കും ഞാൻ
ഹ ഹ ഹാ ഹാ ജയിച്ചു പോയ് ഞാൻ.

ആശാ ഫലങ്ങളെ പുണർന്നിടും ഞാൻ.
അന്നിതര ഭാഗ്യം നുകർന്നിടും ഞാൻ
എതിരുകളെല്ലാം തകർത്തിടും ഞാൻ
പാട്ടു പാടും ഞാൻ, ആട്ടമാടും ഞാൻ,
ആസ്വദിക്കും ഞാൻ, ആനന്ദിക്കും ഞാൻ
ഹ ഹ ഹാ ഹാ ജയിച്ചു പോയ് ഞാൻ.

## 4

# രമണൻ

## സീൻ 1

മലരണിക്കാടുകൾ തിങ്ങി വിങ്ങി
മരതക കാന്തിയിൽ മുങ്ങി മുങ്ങി
കരളും മിഴിയും കവർന്നു മിന്നി
കറയറ്റോരാലസൽ ഗ്രാമഭംഗി

രമണനും തോഴനും തോളുരുമ്മി
മരതകക്കുന്നുകൾ വിട്ടിറങ്ങി.
വഴിവക്കിലുള്ളൊരാ കോമളമാം
ഏഴു നില പൂമണി മാളികയിൽ
മധു മുഖി ചന്ദ്രിക രാഗലോലം
പതിവായവനേയും നോക്കി നിൽക്കും.

## സീൻ 2

ചന്ദ്രിക:-- "എന്താണിന്നീവിധമേകനായാ-
നെങ്ങുപോയെങ്ങുപോയ് കൂട്ടുകാരൻ"
രമണൻ:-- "ഇന്നവൻ മറ്റേതോ ജോലി മൂലം
വന്നില്ല ഞാനിങ്ങു പോന്നു വേഗം."

## സീൻ 3

രമണൻ:-- "എങ്കിലും ചന്ദ്രികേ നമ്മൾ കാണും
സങ്കല്പ ലോകമല്ലീയുലകം
ഹന്ത നാം രണ്ടു പേർ തമ്മിലുള്ളൊ-
രന്തരംമാനം നീയോർത്തു നോക്കൂ."

ചന്ദ്രിക:-- "അന്യോന്യം നമ്മുടെ മാനസങ്ങൾ
ഒന്നിച്ചു ചേർന്നു ലയിച്ചുപോയി"

രമണൻ:-- "തുച്ഛനാമെന്നെ നീ സ്വീകരിച്ചാൽ
അച്ഛനമ്മയ്ക്കുമെന്തു തോന്നും."

ചന്ദ്രിക:-- "കൊച്ചുമകളുടെ രാഗവായ്പിൽ
അച്ഛനമ്മയ്ക്കുമെന്തു തോന്നാൻ"

## സീൻ 4

മദനൻ:— രമണാ നീയെന്നിൽ നിന്നാരഹസ്യം
ഇനിയും മറച്ചു പിടിക്കയാണോ
ഇരുമെയ്യാണെങ്കിലും നമ്മളൊറ്റ-
ക്കരളല്ലേ നീയെന്റെ ജീവനല്ലേ?

രമണൻ— ശരദഭ്രവീഥിയിലുല്ലസിക്കും
ഒരു വെള്ളി നക്ഷത്രമെന്തുകൊണ്ടോ
അനുരക്തയായി പോൽ പൂഴിമണ്ണിൽ
അമരും വെറുമൊരു പുൽക്കൊടിയിൽ.

മദനൻ— നിരഘമായുള്ളൊരി പ്രേമദാനം
നിരസിച്ചിടുന്നതൊരുഗ്രപാപം.

## സീൻ 5

ചന്ദ്രിക— ആരെന്തും പറഞ്ഞോട്ടെ-ഞാനിതാ സമർപ്പിച്ചു
ചാരു ജീവിത മാല്യം മാമകം ഭവാനായി.

രമണൻ— ചന്ദ്രികേ മന്മാനസ വീണയിലെഴും പ്രേമ—
തന്ത്രികേ നീയിന്നെന്നെ മറെറാരാളാക്കിത്തീർത്തു.

## സീൻ 6

ചന്ദ്രിക— കാനനഛായയിലാടു മേയ്ക്കാൻ
ഞാനും വരട്ടെയോ നിൻെറ കൂടെ?

രമണൻ— പോരേണ്ടാ പോരേണ്ടാ ചന്ദ്രികേ നീ-
യാരണ്യപ്രാന്തത്തിലേക്കെൻെറ കൂടെ.

ചന്ദ്രിക— ഈ മണിമേടയിലെൻ വിപുല
പ്രേമസമുദ്രമൊതുങ്ങുകില്ല.

രമണൻ— പാടില്ല പാടില്ല നമ്മെ നമ്മാം
പാടേ മറന്നൊന്നും ചെയ്തു കൂടാ.

## സീൻ 7

ഭാനുമതി— കഷ്ടമായി നിന്നാശകളെല്ലാം
വ്യർത്ഥമാണിനി ചന്ദ്രികേ.
നിശ്ചയിച്ചു കഴിഞ്ഞു നിൻ വിവാ—
ഹോൽസവത്തിൻ സമസ്തവും

ചന്ദ്രിക— ഘോരകഠോരമേ മൽക്കരളിങ്കലെ
ചോരയ്ക്കു വേണ്ടിപ്പുളയുകയല്ലി നീ.
ഇല്ല—ഞാനെന്നെ നശിപ്പിക്കയില്ലൊരു
പല്ലാംകുഴലിനു വേണ്ടിയൊരിക്കലും—ഇല്ലാ—
എന്തുവന്നാലും എനിക്കാസ്വദിക്കേണം
മുന്തിരിച്ചാറുപോലുള്ളൊരു ജീവിതം

## 5

മോഹൻ— മോഹിനിയേ മോഹിനിയേ
എൻപ്രേമ വാഹിനിയേ—പോകാതെ,
മധുരരാഗരംഗത്തിൽ ചേരുവാൻ പോരുക നീ

സരോജ— മോഹനനേ, മോഹനനേ,
എന്നാശാ മോഹനനേ—മാറാതെ
മധുര രാഗ രംഗത്തിൽ
ചേരുക ചേരുക നാം.

മോഹൻ— കനിവേതും കലരാത്ത ലോകത്തിന്റെ
കണ്ണിൽ കരടായി തീരാതെ മേവുക നാം

സരോജ— പിരിയാതി ലോകത്തിൽ വാഴ്ക നാം
ലോകമെതിരാകുമെന്നാലും വാഴ്ക നാം—

മോഹൻ— മോഹിനിയേ മോഹിനിയേ
എൻപ്രേമവാഹിനിയേ—പോകതെ,
മധുരരാഗ രംഗത്തിൽ ചേരുവാൻ പോരുക നീ

സരോജ— മോഹ...................................................
സമരമാണീലോക ജീവിതമേ—ഇതിൽ
ഭയമാർന്നു മാറാതെ നിൽക്കുക നാം

മോഹൻ— ബലഹീനനാണു ഞാനോമലേ

സരോജ— നാമേ ബലമാകൂ നമ്മൾക്കു പാരിലെ

മോഹൻ }
സരോജ } മോഹനമായ് മതി മോഹനമായ്
അനുരാഗ മോഹനമായ് മാറാതെ
മധുര രാഗ രംഗത്തിൽ ചേരുക ചേരുക നാം

## 6

അശരീരി— പാവനഹൃദയം തകർന്നു കാണ്മൂ
നിൻ വിനോദമോ ഈശാ—
പ്രേമഗംഗയെ അഴലിൻ ചിറയാൽ
തടയുകയോ നീന്നാശാ

ആശകളാൽ മണിമാളിക തീർപ്പൂ
മാനവനെന്നെന്നും
തകർന്നു വീഴ്‌വതു ലീലാലോലം
നോക്കി രസിക്കുകയോ

ജീവിതവൃക്ഷം നീ കാണും
സൽഫലമാർന്നീടാൻ
വേദനയും കണ്ണീരും താനോ
വളമായ് കരുതുവതീശാ.

## 7

മോഹൻ— ചിന്തയിൽ നീറുന്ന ജീവിതം—പാരി—
ലെന്തിനു പേറുന്നതീവിധം
കാശില്ലാത്തോൻ പ്രേമ ജീവിതം ചുമ്മാ—
താശിപ്പതും മൂഢകാമിതം.

സരോജ— പ്രണയിച്ചു പോവതു കുററമോ—പാരിൽ
എളിയോനാണെന്നൊരു തെററിനാൽ
പണവും പ്രതാപവുമെന്തിനായ്—രണ്ടു
ഹൃദയങ്ങൾ തങ്ങളിലൊട്ടിയാൽ.

മോഹൻ— ചെളിയിൽ കിടപ്പവനാണു ഞാൻ—എന്നെ
പ്രണയിച്ച കഷ്ടം നീ പാവമേ—
മുതലാളിമാരുടെ ലോകത്തിൻ—മുന്നിൽ
പരിഹാസ്യയാകും നീ പാവമേ.

സരോജ— സതികൾക്കു മുതലാളിയൊന്നുതാൻ—പ്രാണ-
പതിയാമവളുടെ നായകൻ
അഴലിലും ആനന്ദ വായ്പിലും—അവൻ
അവളുടെ ആനന്ദഗായകൻ.

മോഹൻ— ഞെട്ടററു പോകുമോ നമ്മുടെ—ചാരു
ഹൃത്തടത്തിൽ പൂത്ത മല്ലികാ
രക്തവും ജീവനും നൽകി നാം—കാത്തു—
രക്ഷിച്ചോരീ പ്രേമവല്ലരി

## 8

### താരാട്ട്

സരോജം— കരയാതെന്നോമനക്കുഞ്ഞേ—എന്റെ
കരളായ് വളർത്തും ഞാൻ നിന്നെ—കരയാ—
ഉയരും വിശപ്പിൻ വിളിയിൽ നിന്നും
ഉടലാർന്നു നീയുമീ മണ്ണിൽ

ഉടയോരില്ലാതെയീ മട്ടിൽ—എത്ര
ചുടുചോരകളെഞ്ഞുണ്ടാം നാട്ടിൽ—
എറിയപ്പെടുന്നുണ്ട നീളെ
ആരുമറിയതെ ചാകുന്നകാലേ
ആരുമറിയതെ ചാകുന്നകാലേ.

അവരോടു ചെയ്യും അനീതി
അതിൻപ്രതികാരം ചെയ്യുവാനായി
വളരൂ നീയോമനക്കുഞ്ഞേ
എന്റെ കരളായ് വളർത്തും ഞാൻ നിന്നെ
കരയാതെന്നോമനക്കുഞ്ഞേ—എന്റെ........

## 9

## സ്വർഗ്ഗവാതൽ—ഡാൻസ്

അശരീരി-- നിത്യസുന്ദര സ്വർഗ്ഗം തുറന്നിതാ
സത്യധർമ്മനിരതർക്കു പൂകുവാൻ.
പാപിയാം പണക്കാരൻ വരുന്നു സ്വർഗ്ഗംപൂകുവാൻ
പാവമൊട്ടകം സൂചിക്കുഴയിൽ കടക്കുമോ?

1st Angal വിശ്വസ്തനായി നടിച്ചുനീയെന്നുടെ
വിത്തങ്ങളെല്ലാം കവർന്നതില്ലേ.
പട്ടിണിത്തീയിൽ ഞാൻ നീറുന്നതുകണ്ടു—
പട്ടണിഞ്ഞാർത്തു സുഖിച്ചതില്ലേ?

2nd Angel അന്നൊരിക്കൽ വിശപ്പിൻ വിളിമൂലം
വന്നുനിൻപടി വാതല്കാത്തുഞാൻ
ദീന ദീനം വിളിച്ചു കരഞ്ഞുനിൻ
ദാനഭിക്ഷയ്ക്കിരന്നേൻ ധനങ്ങളേ?
ഉൽക്കടാരവമെന്നെ പുറത്താക്കി
ഉള്ളിൽനിന്നു നീ വാതലടച്ചില്ലേ?

3rd Angel ഉച്ചവെയ്‌ലത്തു നാക്കുവററിഞാൻ
എത്തി നിൻ പടിവാതലിൽ

ചാരു മാധുര്യമേറും മുന്തിരി—
ച്ചാറു നീ കുടിച്ചീടുമ്പോൾ
സ്വച്ഛശീതള നിർമ്മലമല്പം
പച്ചവെള്ളമിരക്കവേ
കള്ളിയെന്നു വിളിച്ചു നീയെന്നെ
കല്ലെറിഞ്ഞോടിച്ചില്ലയോ?

4th Angel ദീനയായേററം വിവശനായെൻ തന്നു
പീന വ്രണത്താൽ പഴുത്തൊലിച്ച്,
താനേ തറയിൽ കിടന്നതി ദാരുണം
മാറത്തടിച്ചു കരഞ്ഞോരെന്നെ,
പാരം കയർത്തയ്യോ! നെഞ്ചിൽ തൊഴിച്ചില്ലേ
ക്രൂരനാം നീച കൊട്ടും പിശാചേ.

5th Angel. രന്നൊരു നാൾ നിൻെറ വാതിലിൽ--നഗ്നയായ്
വന്നൊരു കീറപ്പഴന്തുണിക്കായ്,
നാണയം നീട്ടിയെൻ മാനം കെടുത്തുവാൻ
നാണമില്ലാതെ മുതിർന്നതില്ലേ?

Arch Angel ആയിരമായിര മേഴകളെ നീ
നരകത്തിൽ തള്ളി
പാരിൽ പണവും പദവിയുമൊപ്പം
നേടിയ നീചൻ നീ.
സ്നേഹം വിളയും സ്വർഗ്ഗ കവാടം
കടന്നുപോയ് കൂട,
പോക പോക നരകത്തീയിൽ
ചെന്നടിയട്ടെ നീ...........

## 10

അശോകം— കുളിരേകിടുന്നകാറേറ
പ്രിയനോടു ചൊല്ലുകെൻെറ ശോകമാകവേ--
കുളിരേകിടുന്ന കാറേറ,
വിരഹാഗ്നി തന്നിലേവം
ഹൃദയം പുകഞ്ഞിതാ ഞാൻ